പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 916 — 11/07/2016 ൽ മറുപടിക്ക്

## ഒല്ലൂർ നിയോജക മണ്ഡലത്തിലെ റീസർവ്വേ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാജൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കിയവയുടേയും പൂർത്തിയാക്കാത്തവയുടേയും ലിസ്റ്റ് ലഭ്യമാക്കാമോ; | (എ) റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ:<br>കുറിച്ചിക്കര, പാണഞ്ചേരി, മരത്താക്കര, എടക്കുന്നി, ഒല്ലൂർ<br>റീസർവ്വേ പൂർത്തീകരിക്കാത്ത വില്ലേജുകൾ:<br>കൊഴുക്കുള്ളി, നടത്തറ, മാടക്കത്തറ, വെള്ളാനിക്കര, മുളയം, ഒല്ലൂക്കര, പീച്ചി, കൈന്നൂർ, മാന്ദാമംഗലം, പുത്തൂർ, കണിമംഗലം, ചിയ്യാരം, കൂർക്കഞ്ചേരി. |
| (ബി) പട്ടയം ലഭിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടും റീ സർവ്വേ പൂർത്തീകരിക്കാത്തതുമൂലം പട്ടയം ലഭിക്കാത്ത എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) പട്ടയം ലഭിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടും റീസർവ്വേ പൂർത്തീകരിക്കാത്തതുമൂലം പട്ടയം ലഭിക്കാത്ത കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) റീ സർവ്വേ പൂർത്തീകരിക്കാത്ത വില്ലേജുകളിൽ അടിയന്തിരമായി റീ സർവ്വേ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ